# വീണ്ടും ഒരു "സൈലന്റ്‌വാലിയോ"?

ഡോ. എസ്. ശങ്കർ

സൈലന്റ്‌വാലി എന്നു പറഞ്ഞാൽ പ്രകൃതി സംരക്ഷണത്തിനുവേണ്ടിയുള്ള ഒരു യുദ്ധകാഹളമാണ്. സൈലന്റ്‌വാലി ലോകത്തിലാകമാനമുള്ള പ്രകൃതി സ്നേഹികൾക്ക് ഒരു മെക്കയോ കാശിയോ പോലെയാണ്. മനുഷ്യസ്പർശത്തിന്റെ ഒരു പോറൽ പോലുമേൽക്കാതെ അൻപതോളം കിലോമീറ്റർ ഒഴുകുന്ന, ഹിമാലയത്തിന് തെക്ക് ഒരു പുഴയാണ് കുന്തിപ്പുഴ. ഭാരതപ്പുഴയുടെ മറ്റെല്ലാ കൈവഴികളും വികസനത്തിന്റെ പേരിൽ കൊലചെയ്യപ്പെട്ടപ്പോൾ ബാക്കി അവശേഷിക്കുന്ന ഒരേ ഒരു നദി, അതിന്റെ വൃഷ്ടി പ്രദേശമായ നൈസർഗ്ഗിക വനങ്ങൾ, ആ വനങ്ങൾ ഉൾക്കൊള്ളുന്ന അത്യപൂർവ്വമായ ജൈവവൈവിദ്ധ്യം, ഇതെല്ലാം ഒരു വിശ്വപൈതൃകമാണ്. കഴിഞ്ഞ നൂറ്റാണ്ടിലെ 70-80 കളിൽ നടന്ന സമരങ്ങൾ ഒരുപറ്റം സിംഹവാലൻ കുരങ്ങുകളുടെയോ അവയുടെ നിത്യഭക്ഷണമായ മുള്ളൻ ചക്കമരങ്ങളുടെയോ നാശത്തിനെതിരെ മാത്രമായിരുന്നില്ല, ഒരു അപൂർവ്വ പ്രദേശത്തിന്റെ, പരിണാമത്തിന്റെ തൊട്ടിലിന്റെ സംരക്ഷണത്തിനുകൂടിയായിരുന്നു. ജീവന്റെ വല നെയ്യുന്നത് മനുഷ്യനല്ല എന്നും, മനുഷ്യൻ ആ വലയിലെ കണ്ണിമാത്രമാണെന്നും സർവ്വരേയും ബോദ്ധ്യപ്പെടുത്താനുള്ള ഒരു പ്രകൃതിയാണ് "സൈലന്റ്‌വാലി"യിൽ നമ്മൾ കണ്ടത്.

"സൈലന്റ്‌വാലി" എന്ന പ്രസ്ഥാനത്തിലൂടെ ഒരു ജൈവമണ്ഡല സംരക്ഷണ പ്രദേശം (Biosphere Reserve) ഉൽഭവിക്കുകയും ആ പ്രദേശത്തിന്റെ മർമ്മപ്രധാനമായ സ്ഥലം (Core Area) ആയി "സൈലന്റ്‌വാലി" ദേശീയ ഉദ്യാനം രൂപപ്പെടുകയും ചെയ്തു. കുന്തിപ്പുഴയും, വൃഷ്ടി പ്രദേശവും എന്നന്നേക്കുമായി സംരക്ഷിക്കപ്പെട്ടു. സൈലന്റ്‌വാലിയുടെ ചുറ്റുമുള്ള പ്രദേശം ഒരു buffer zone ആയി പ്രഖ്യാപിക്കപ്പെട്ടു. അട്ടപ്പാടി പ്രദേശമോ ഒരു ecodevelopment area ആയി.

1988 ന്റെ വനനയം അനുശാസിക്കുന്നത് കേരളത്തിലെ നൈസർഗ്ഗികവനങ്ങൾ സംരക്ഷിക്കണമെന്നാണ്. കടുംവെട്ടും, തരംതിരിച്ചുള്ള വെട്ടും, അതിനുപരിയായി വന്യജീവി സങ്കേതത്തിൽ പ്ലാന്റേഷൻ വെട്ടും നടലും നിർത്തലാക്കപ്പെട്ടു. പൂയംകുട്ടി വൈദ്യുത പദ്ധതിയും, ശബരിമലയിൽ വനേതര ആവശ്യങ്ങൾക്ക് വനം വിട്ടുകൊടുക്കുന്നതും തടയപ്പെട്ടു. Hill highway യിലെ കാട്ടിലൂടെയുള്ള റോഡുകൾ - കുഞ്ഞോം - പാനോം, ചുരൽമല - വാണിയംപുഴ, ആനയോട് - മുക്കാലി എന്നിവ പരിസ്ഥിതി-സാമൂഹ്യ ആഘാതത്തിന്റെ പേരിൽ മാറ്റിവെയ്ക്കപ്പെട്ടു.

ഈ പശ്ചാത്തലത്തിലാണ് പാത്രക്കടവ് വൈദ്യുത പദ്ധതി നിർദ്ദേശിക്കപ്പെട്ടതും, പരിസ്ഥിതി ആഘാത പത്രിക പദ്ധതി അനുകൂലമായതിനാൽ ഇന്ന് ഒരു "Public hearing" അഥവാ ഒരു പൊതു വിസ്താരം നടക്കുന്നത്. ഈ പദ്ധതിയുടെ കോട്ടങ്ങൾ (ആഘാത പത്രികയാൽ സൂചിപ്പിക്കപ്പെടാത്തവ) നമുക്ക് പരിശോധിക്കാം.

1) ഗുജറാത്ത് മുതൽ മഹേന്ദ്രഗിരി വരെ നീണ്ടുകിടക്കുന്ന സഹ്യപർവ്വത പ്രദേശത്ത് മനുഷ്യവാസ ചരിത്രമില്ലാത്ത "സൈലന്റ്‌വാലി"യുടെ വളരെ അടുത്ത് ഒരു പദ്ധതി വരുന്നു. അത് സൈലന്റ്‌വാലിയിലേക്കുള്ള പടിഞ്ഞാറുനിന്നുള്ള നശീകരണത്തിന് വഴിതുറക്കും. പദ്ധതി പ്രദേശത്തേക്കുള്ള റോഡ് നിർമ്മാണം "സൈലന്റ്‌വാലി"യുടെ 'Vulnerability' വർദ്ധിപ്പിക്കും.

2) "സൈലന്റ്‌വാലി"യുടെ ഉറപ്പില്ലാത്ത പടിഞ്ഞാറൻ ചെരിവുകൾ പാറകളുടെ വിള്ളലും, ഉരുൾപൊട്ടലും സർവ്വസാധാരണമാണ്. ഈ പ്രദേശത്ത് ഒരു 65 എം. പൊക്കമുള്ള ഡാമും, ജലസംഭരണിയും നിലനിൽക്കാത്തതാണ്.

3) ഭാരതപ്പുഴയുടെ നദീതടത്തിൽ ഡാമാൽ ബന്ധിക്കപ്പെടാത്ത ഒരു നദിയാണ് കുന്തിപ്പുഴ. കുന്തിപ്പുഴ- കരിമ്പുഴ വഴി - പുലമാന്തോൾ പുഴ വഴി - ഊതപ്പുഴ വഴി - തൃത്താലക്കുശേഷം മരിച്ചുകൊണ്ടിരിക്കുന്ന (അല്ലെങ്കിൽ മരിച്ച) ഭാരതപ്പുഴക്ക് ജീവൻ നൽകുന്നു. കൂടാതെ ഒഴുകുന്ന വഴിയിലുള്ള പഞ്ചായത്തുകൾക്കും, ജനവാസ കേന്ദ്രങ്ങൾക്കും ജലം പ്രദാനം ചെയ്യുന്നു. പാത്രക്കടവിൽ ഈ പുഴയെ ബന്ധിക്കുക വഴി പുഴയിലെ നീരൊഴുക്ക് വിശിഷ്യ വേനൽക്കാലത്തെ - എത്ര കണ്ട് ബാധിക്കുമെന്ന് അറിയില്ല. ഒരു പുഴയിൽ അണകെട്ടിയാൽ, ഒരു ചെറിയ തടയണ പോലുമായാലും - താഴെ പ്രദേശങ്ങളിലെ ജലലഭ്യത കുറക്കുമെന്ന് തീർച്ച. കുന്തിപ്പുഴയുടെ - കരിമ്പുഴയുടെ താഴെയുള്ള പഞ്ചായത്തുകളെയും ജനങ്ങളെയും ഇത് എങ്ങിനെ ബാധിക്കുമെന്ന് പഠിച്ചിട്ടില്ല.

ചുരുക്കിപ്പറഞ്ഞാൽ 3 കാരണങ്ങൾകൊണ്ട് ഈ പദ്ധതി അശാസ്ത്രീയവും പരിസ്ഥിതിക്കും ജനജീവിതത്തിനും ദോഷകരമാണ്.

1) സൈലന്റ്‌വാലി ആവാസവ്യവസ്ഥക്ക് കോട്ടമുണ്ടാക്കുന്നു.

2) സുസ്ഥിരമല്ലാത്ത പടിഞ്ഞാറൻ ചെരുവുകളിൽ പാറയിടിയൽ ഉള്ളതുകാരണം അണക്കെട്ട് നിലനിൽക്കില്ല.

3) Down stream ലെ ജലലഭ്യത കുറയുന്നതുകാരണം തൃത്താലവരെയുള്ള ജനങ്ങൾ കഷ്ടതകൾ അനുഭവിക്കും.

*കേരള വനഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട്*
*പീച്ചി, തൃശൂർ - 680 653*

**സൈലന്റ്‌വാലി സംരക്ഷണം ബന്ധപ്പെടാവുന്ന ഈ-മെയിൽ വിലാസങ്ങൾ**

savesilentvalley@yahoo.com
chalakudyriver@rediffmail.com
silentvalley@hotmail.com